കേരള സർക്കാർ

നം.1866829/ജെ3/18/പൊവിവ                                    തിരുവനന്തപുരം, തീയതി 18-06-18

**പരിപത്രം**

വിഷയം:- പൊവിവ- കെ-ടെറ്റ് വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി-സ്പഷ്ടീകരിണം - സംബന്ധിച്ച്.

സൂചന:- (1)ജി.ഒ (എം.എസ്) നം. 134/2017/പൊ.വി.വ തീയതി 30/10/2017
(2)സർക്കുലർ 1866829/ജെ3/17/പൊവിവ തീയതി 9/3/18

31/03/2012 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച സർക്കാർ/എയ്ഡഡ് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും പ്രൊമോഷൻ ലഭിക്കുമ്പോൾ അവർ കെ-ടെറ്റ് പാസാകണമെന്ന് നിർബന്ധമില്ല എന്ന് പരാമർശം (2) സർക്കുലർ പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ സർക്കുലറിൽ പ്രമോഷൻ എന്നത് അനദ്ധ്യാപകരുടെ കാര്യത്തിൽ തസ്തിക മാറ്റം വഴിയുള്ള നിയമനം ( by transfer) എന്ന് വ്യക്തമാക്കാത്തതിനാൽ ഇവർക്ക് അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലുണ്ടെന്നും അതിനാൽ ഈ സർക്കുലറിൽ അനദ്ധ്യാപകർക്ക് നിയമാനുസൃത തസ്തിക മാറ്റം വഴിയുള്ള പ്രമോഷൻ എന്ന് വ്യക്തമാക്കേണ്ടതുണ്ടെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (2) സർക്കുലറിലെ ക്രമ നമ്പർ 5 ആയി പറഞ്ഞിട്ടുള്ള സ്പഷ്ടീകരണത്തിന് താഴെ കൊടുക്കും പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

"31/03/2012 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രമോഷനോ അനദ്ധ്യാപകർക്ക് നിയമാനുസൃത പ്രമോഷനോ തസ്തിക മാറ്റം വഴിയുള്ള നിയമനമോ ലഭിക്കുമ്പോൾ അവർ കെ-ടെറ്റ് പാസാകണമെന്ന് നിർബന്ധമില്ല".

**എച്ച്. നജീബ്**
ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പി.എസ്.സി ഓഫീസ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ)/പ്രസ് റിലീസ് വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ